കോളേജുകളിലെ കളിസ്ഥലങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

13 (*403) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിലെ കളിസ്ഥലങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടത്ര പരിഗണന നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) കോളേജുകളിൽ വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമത മെച്ചപ്പെടുത്തുന്നതിനും കായികതാരങ്ങളുടെ വളർച്ചയ്ക്കും കായികരംഗത്തിന്റെ അഭിവൃദ്ധിക്കുമായി പദ്ധതി ആവിഷ്കരിക്കുമോ ;

(ഡി) സർക്കാർ കോളേജുകളിലെ കളിസ്ഥലങ്ങളുടെ വികസനത്തിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ഇ) കോളേജുകളിൽ ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ&ബി) കളിസ്ഥലങ്ങളുടെ സൗകര്യങ്ങൾ അപര്യാപ്തമായ പുതിയ ചില കോളേജുകളിൽ സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് കളിസ്ഥലം സജ്ജമാക്കുന്നതാണ്.

(സി) വിദ്യാർത്ഥികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും, കായികതാരങ്ങളുടെ വളർച്ചയെയും ലക്ഷ്യമാക്കി ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ വിദ്യാർത്ഥികൾക്ക് സ്പോർട്സ് പരിശീലനത്തിനുള്ള ധനസഹായം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി&ഇ) കളിസ്ഥലങ്ങളുടെ വികസനത്തിനും ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമായി കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജുകൾക്ക് പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കോളേജുകൾക്ക് 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ, കളിസ്ഥലത്തിന് 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കായി പദ്ധതിയിനത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES-Kerala Legislative Assembly